# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM(6)/375/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM(6)/375/2023 തീയ്യതി: 10/03/2023

## മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2022 മുതൽ 15-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-02-2023 | 25-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-02-2023 | 25-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.നസ്സീർ.ടി.കെ -ഓഡിറ്റ് ഓഫീസർ
2.ശ്രീ.അമീൻ ഫൈസൽ ടി.ടി -സീനിയർ ഗ്രേഡ് ഓഡിറ്റർ
3.ശ്രീ.റഷീദ്.വി -സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.മുഹമ്മദ് നൗഷാദ് എ.കെ -ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.വിദ്യാ രാജൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.നൗഷാദലി .ഡി | സെക്രട്ടറി | 01-04-2021 | 03-05-2021 |
| ശ്രീ.ടോമി ജോസഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-05-2021 | 11-07-2021 |
| ശ്രീ.തോമസ്.കെ.എം | സെക്രട്ടറി | 12-07-2021 | 24-02-2022 |
| ശ്രീ.സഹറുദ്ധീൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-02-2022 | 27-02-2022 |
| ശ്രീ.രാജേന്ദ്രൻ.പി.കെ | സെക്രട്ടറി | 28-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രജനി എം.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.വിപിൻ.എസ് | അസി.എഞ്ചിനീയർ | 01-04-2021 | 15-04-2021 |
| ശ്രീ.റഫീക്ക് .സി.കെ | അസി.എഞ്ചിനീയർ | 16-04-2021 | 30-06-2021 |
| ശ്രീ.ഫാരിസ്.കെ | അസി.എഞ്ചിനീയർ | 01-07-2021 | 26-12-2021 |
| ശ്രീ.പ്രവീൺ.വി | അസി.എഞ്ചിനീയർ | 27-12-2021 | 13-02-2022 |
| ശ്രീ.അരുൺ.ഗോവിന്ദ് .ടി | അസി.എഞ്ചിനീയർ | 14-02-2022 | 31-03-2022 |
| ശ്രീമതി.ഡോൾസി ഡൊമിനിക്ക് | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സുലൈഖ .പി.എം | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ബിബിൻ .എം.വി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.മനോജ് എം വർഗീസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.നിഷ കെ.വി | വി.ഇ.ഒ-2 | 01-04-2021 | 31-03-2022 |
| ശ്രീ.ജേക്കപ്പ് ജോൺ | അസി.സെക്രട്ടറി | 01-04-2021 | 02-04-2021 |
| ശ്രീ.സണ്ണിമോൻ.എം | അസി.സെക്രട്ടറി | 03-04-2021 | 16-04-2021 |
| ശ്രീ.ടോമി ജോസഫ് | അസി.സെക്രട്ടറി | 17-04-2021 | 13-07-2021 |
| ശ്രീ.സഹറുദ്ധീൻ .എ | അസി.സെക്രട്ടറി | 14-07-2021 | 31-03-2022 |
| ഡോ.ജുമാൻ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 23-05-2021 |
| ഡോ.മണാൽ.കെ | മെഡിക്കൽ | 24-05-2021 | 14-07-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(എഫ്.എച്ച്.സി) | | |
| ഡോ.അബ്ദുൾ നാസർ.പി.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 15-07-2021 | 13-12-2021 |
| ഡോ.പർവ്വീൻ .പി.ടി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച.സി) | 14-12-2021 | 31-03-2022 |
| ഡോ.ദിവ്യഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 16-04-2021 |
| ഡോ.മുഷീറ മിനി .എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 17-04-2021 | 16-06-2021 |
| ഡോ.ദിവ്യഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 17-06-2021 | 15-09-2021 |
| ഡോ.പ്രോമോദ്.വി.വി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 16-09-2021 | 16-10-2021 |
| ഡോ.ദിവ്യഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 17-10-2021 | 20-10-2021 |
| ഡോ.പ്രോമോദ്.വി.വി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 21-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി- അവലോകനം | 1-6-1 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്ക് പരിശോധന അപാകതകൾ | 1-11 |
| 13 | ഗ്രാമപഞ്ചായത്ത് വക ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവയിൽ നിന്നുള്ള വരുമാനം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-12 |
| 14 | തൊഴിൽ നികുതി യഥാസമയംഡിമാന്റ് ചെയ്ത് ഈടാക്കിയില്ല-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 5700/-രൂപ അടവാക്കി. | 1-13 |
| 15 | മുൻകൂർ നൽകൽ -ക്രമീകരണ വിവരം ലഭ്യമാക്കണം | 1-14 |
| 16 | മറ്റ് ഏജൻസികൾക്ക് മുൻകൂർ -വിനിയോഗ വിവരം ലഭ്യമാക്കണം | 1-15 |
| 17 | ദുരിതാശ്വാസനിധി -രൂപീകരിച്ചിട്ടില്ല | 1-16 |
| 18 | MGNREGS -മെറ്റീരിയൽ വർക്ക് സാധനങ്ങൾ പർച്ചേസ് നടത്തിയതിന് -സുതാര്യത ഉറപ്പാക്കണം | 1-17 |
| 19 | വാഹന വാടക നൽകൽ -ആദായ നികുതി ഈടാക്കിയിട്ടില്ല | 1-18 |
| 20 | പഞ്ചായത്ത് ബസ്സ് സ്റ്റാൻറ് -ജനോപകാരപ്രദമാക്കണം | 1-19 |
| 21 | ആശ്രയ പദ്ധതി - പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല. | 1-20 |
| 22 | വാഴകൃഷി പ്രോത്സാഹനം - വാഴ വിത്തിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 1-21 |
| 23 | ഹരിത കർമ്മ സേന -മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രീൻ കേരള കമ്പനിക്ക് തുക നൽകൽ - ആദായ നികുതി ഈടാക്കിയിട്ടില്ല. | 1-22 |
| 24 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്. | 1-23 |
| 25 | ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ-തുക വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-24 |

| | | |
|---|---|---|
| 26 | ഡപ്പോസിറ്റ് വർക്ക് -വിനിയോഗ വിവരം ലഭ്യമാക്കണം | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപതം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

15.2.2021തീയതിയിലെ തീരുമാനം നമ്പർ(1) പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 25.3.2022തീയതിയിലെ 2(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 29.6.2022 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25687178.75 |
| വരവ് | 106947260 |
| ആകെ | 132634438.75 |
| ചെലവ് | 97490759.00 |
| നീക്കിയിരിപ്പ് | 35143679.75 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ ) | 0 | 28505933 | 28505933 | 24552042 | 3953891 | 86.00% |
| പ്ലാൻ (SCP) | 0 | 3669499 | 3669499 | 2662870 | 1006629 | 73.00% |
| പ്ലാൻ (TSP) | 0 | 6107934 | 6107934 | 4769297 | 1338637 | 78% |
| CFC (Untied ) | 0 | 6161266 | 6161266 | 5666004 | 495262 | 91.00% |
| CFC (TIED) | 0 | 13637874 | 13637874 | 3160536 | 10477338 | 23.00% |
| റോഡ് (MG) | 0 | 9407142 | 9407142 | 5997521 | 3409621 | 64.00% |
| റോഡിതരം (MG) | 0 | 9983143 | 9983143 | 4511532 | 5471611 | 45.00% |
| ബിഫണ്ട് | 0 | 63613000 | 63613000 | 63613000 | 0 | 100.00% |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 143533782 | 149 | 74329672 | 0 | 34 | 81.42% |

വിശദ വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 0 | 3965880 | 2471081 | 62.00% |
| വെറ്റിനറി സർജ്ജൻ | 6 | 6 | 0 | 10698400 | 6101185 | 57.00% |
| MO (PHC) | 8 | 8 | 0 | 3400125 | 3058383 | 90.00% |
| MO (HOMEO) | 3 | 3 | 0 | 497878 | 497878 | 100.00% |
| MO (ISM) | 1 | 1 | 0 | 700000 | 700000 | 100.00% |

| | | | | | | |
|---|---|---|---|---|---|---|
| VEO | 21 | 21 | 0 | 75517025 | 27693893 | 37.00% |
| ICDS | 8 | 8 | 0 | 9897650 | 8765388 | 88.50% |
| സെക്രട്ടറി | 14 | 11 | 3 | 3491583 | 2491315 | 71.00% |
| ഹെഡ് മാസ്റ്റർ | 6 | 6 | 0 | 1791468 | 1167504 | 65.00% |
| അസി.എൻജി. | 100 | 73 | 27 | 30632773 | 19898080 | 65.00% |
| അസി.സെക്രട്ടറി | 10 | 6 | 4 | 2941000 | 1484964 | 50.49% |
| ആകെ | 183 | 149 | 34 | 143533782 | 74329672 | 51.78% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 324715 | 1112059 | 1436774 | 1350853 | 86191 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 66117487 | 66117487 | 66117487 | 0 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി- അവലോകനം

| ക്രമനം. | വിശദാംശം | 2021-22 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 6034 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 6034 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 540 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 8.11കോടി |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 519 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 331 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 56 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 67554531 |
| 9 | തൻവർഷത്തെ ചെലവ് | 67468340 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 3112 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3112 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 979 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 56 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5135200 | 333 |
| വിധവാപെൻഷൻ | 21833800 | 1360 |
| വാർദ്ധക്യകാലപെൻഷൻ | 29949900 | 2223 |
| വികലാംഗപെൻഷൻ | 6078900 | 424 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്ക് ധനസഹായം | 315200 | 22 |
| വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.2.2023 11.00 AMന് സ്ഥാപന തലവന്റെ/ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6719/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ വിവിധ സെക്ഷനുകൾ (C1,C2,C3,C4,C5 എന്നിവ)തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സബ്സിഡയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പി.എച്.സി മെഡിക്കൽ ഓഫീസർ, വിഇഒ അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഇത് പാലിക്കുന്നില്ല.ആയത് ശ്രദ്ധയിൽ പ്പെടുത്തുന്നു.
4. ജി ഒ (എം എസ് ) നം. 11/2018/ത.സ്വ.ഭ.വ തി. 29.01.2018 പ്രകാരം ഓരോ പ്രോജക്ടുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ മാത്രമാണ് യോഗം ചേർന്നത് . വിഇഒ, ഹെഡ് മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി,സെക്രട്ടറി എന്നിവരുടെ പ്രോജക്ട്ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ടില്ല.
5. സാംഖ്യ ബാങ്ക് ബുക്കുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2022 | 2022 ഒക്ടോബർ | 19.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.8.2010 മുതൽ 30.8.2010 വരെ | 2005-06 മുതൽ 2009-10 വരെ | 4.10.2010 |

## 1-11 വാർഷിക കണക്ക് പരിശോധന അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 3282249 | 3282249 | 3288695 | 3286663 | 0 | 0 |
| കുടിശ്ശിക | 881309 | 828007 | 760062 | 766186 | 66106 | 66101 |

2) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിൽ RP4 പ്രകാരം 140473 രൂപ വരവുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4) ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ലോൺ ഇനത്തിൽ (KURDFC,HUDCO)വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

5) KPR ചട്ടം 62(2)(ഇ) പ്രകാരമുള്ള അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62(2)(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) KPR ചട്ടം 62(3) പ്രകാരം, എല്ലാ വർഷങ്ങളിലും വാർഷിക കണക്കിന്റെ കൂടെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. ആയത് ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം:9/21-22/23.2.23ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷമുള്ള അപാകതകളാണ് മുകളിൽ പരാമർശിച്ചിരിക്കുന്നത്. ശേഷിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ഗ്രാമപഞ്ചായത്ത് വക ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവയിൽ നിന്നുള്ള വരുമാനം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ, ഗ്രാമപഞ്ചായത്തിന്റെ വരവ് രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന് ദാനമായി ലഭിച്ച, പോത്തുകൽ വില്ലേജിലെ സർവ്വേനം. 969 ൽ ഉൾപ്പെട്ട 56 സെന്റ് സ്ഥലത്ത് നിർമ്മിച്ച 8/536 B.E നമ്പർ കെട്ടിടത്തിൽ പോത്തുകല്ല് ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ മേൽ ആസ്തികളിൽ നിന്നും ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. ബസ് സ്റ്റാന്റ് ഫീസ് കളക്ഷൻ, കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് തുടങ്ങിയവയിലൂടെ ഗ്രാമപഞ്ചായത്തിന് വരവ് ലഭ്യമാക്കുന്നതിനായി ലേല നടപടികളോ മറ്റോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

മേൽ ആസ്തികളിൽ നിന്നും വരവ് ലഭ്യമാക്കി ആയവ ശരിയായ രീതിയിൽ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 10/2021-22/23.02.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 തൊഴിൽ നികുതി യഥാസമയംഡിമാന്റ് ചെയ്ത് ഈടാക്കിയില്ല-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 5700/-രൂപ അടവാക്കി.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പോത്തുകല്ല് ഗ്രാമപഞ്ചായത്ത് ഫാമിലി ഹെൽത്ത് സെന്ററിലെ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി 2021-22 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ ഈടാക്കിയിട്ടില്ല എന്ന് കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കുറിപ്പ്/ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| 1 | ശ്രീ. മിഥുൻ പി.എസ് | ഫാർമസിസ്റ്റ്, ആർദ്രം മിഷൻ | രണ്ട് അർദ്ധ വർഷങ്ങളിലും ഗ്രാമപഞ്ചായത്ത് പദ്ധതി നം.96/21-22 പ്രകാരം ആകെ 133200/- രൂപ വീതം വേതനം കൈപ്പറ്റിയിട്ടുണ്ട്. ആയത് പ്രകാരമുള്ള തൊഴിൽ നികുതി 2x1250=2500/- രൂപ. |
| 2 | ഡോ. റഹിന | ഡോക്ടർ, ആർദ്രം മിഷൻ | രണ്ട് അർദ്ധ വർഷങ്ങളിലും ഗ്രാമപഞ്ചായത്ത് പദ്ധതി നം.96/21-22 പ്രകാരം ആകെ 309600/- രൂപ വീതം വേതനം കൈപ്പറ്റിയിട്ടുണ്ട്. ആയത് പ്രകാരമുള്ള തൊഴിൽ നികുതി 2x1250=2500/- രൂപ. |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 08/2021-22/22.02.2023ന്റെ അടിസ്ഥാനത്തിൽ മേൽ ജീവനക്കാരിൽ നിന്നും പിഴയുൾപ്പടെ ആകെ 5700/- രൂപ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതായി സെക്രട്ടറി അറിയിച്ചു(രസീത് നം.1220103589,93/25.02.23). അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും യഥാസമയം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 മുൻകൂർ നൽകൽ -ക്രമീകരണ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഘടകസ്ഥാപനമേലധികാരികൾക്കും നൽകുന്ന മുൻകൂറുകൾ സമയക്രമം പാലിച്ച് ക്രമീകരിക്കുന്നില്ല എന്ന് കാണുന്നു. തൻവർഷം നൽകിയതും സാമ്പത്തിക വർഷാവസാനം ക്രമീകരിക്കാത്തതുമായ മുൻകൂറുകളുടെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ വിവരം | തുക | നിർവ്വഹണ അധികാരി |
|---|---|---|
| 22100282/30.7.21 | 30000 | മെഡിക്കൽ ഓഫീസർ FHC |
| 22100661/9.12.21 | 50000 | |
| 22100283/30.7.21; | 25000 | ഹോമിയോ മെഡിക്കൽ ഓഫീസർ |
| 22100281/30.7.21; | 20000 | വെറ്റിനറി സർജൻ |
| 22100508/13.10.21 | 20000 | |

| | | |
|---|---|---|
| 22100398/1.9.21 | 25000 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| 22100422/14.9.21 | 10000 | ഹെഡ് മാസ്റ്റർ,GMLP |
| 22100617/24.11.21 | 20000 | കൃഷി ഓഫീസർ |
| 22100975/15.2.22 | 20000 | |
| ആകെ | 220000 | |

ഈ മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/21-22/23.2.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമീകരിക്കാൻ ബാക്കിയുള്ള തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 മറ്റ് ഏജൻസികൾക്ക് മുൻകൂർ -വിനിയോഗ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

താഴെപ്പറയുന്ന മുൻകൂറുകളുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നം:പേര് | അടങ്കൽ | ചെലവ് | ബിൽ /വൗച്ചർ നം/തീ: |
|---|---|---|---|
| 1)99/22- PMAY അധിക വിഹിതം (ബ്ലോക്ക് പഞ്ചായത്ത് ) | 560000 | 560000 | 13/21-22/29.11..21 |
| 2)263/22-ജില്ലാപഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഹിതം(ജില്ലാപഞ്ചായത്ത്) | 265000 | 265000 | 22/21-22/10.2.22 |
| 232/22-തമ്പുരാട്ടിക്കല്ല് കുടിവെള്ള പദ്ധതിവൈദ്യുതീകരണം (കെ.എസ്.ഇ.ബി,എടക്കര ) | 240000 | 131909 | XVFC/21-22 /P/31/30.3.22 |
| ആകെ | 1065000 | 956909 | |

എൻക്വയറി നം :3/21-22/21.2.23 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 956909 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-16 ദുരിതാശ്വാസനിധി -രൂപീകരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ ചട്ട പ്രകാരം നടപ്പാക്കാത്തത് എൻക്വയറി നം :4/21-22/21.2.23 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും കാരണം വ്യക്തമാക്കിയില്ല.

## 1-17 MGNREGS -മെറ്റീരിയൽ വർക്ക് സാധങ്ങൾ പർച്ചേസ് നടത്തിയതിന് -സുതാര്യത ഉറപ്പാക്കണം

2021-22 ൽ MGNREGS ൽ മെറ്റീരിയൽ വർക്ക് നടത്തിയതിന് സാധനങ്ങൾ പർച്ചേസ് നടത്തിയതിന്ന് 42.68 ലക്ഷം രൂപ EFMS മുഖേന വിവിധ പ്രവർത്തികൾക്ക് നൽകിയിട്ടുണ്ട് .ആയതിന്റ ടെണ്ടർ ഫയൽ ഹാജരാക്കിയിട്ടില്ല

2.എഗ്രിമെന്റ് ,കോൺട്രാക്ടർ ബിൽ ഇൻവോയ്സ് (GST രജിസ്ട്രേഷൻ നമ്പർ ഉൾപ്പെടുന്ന)ഹാജരാക്കിയിട്ടില്ല

3.മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ (AE /ഓവർസീയർ സാക്ഷ്യപ്പെടുത്തിയത്)ഹാജരാക്കിയിട്ടില്ല

4.പ്രവർത്തികളുടെ എംബുക്കിൽ മെറ്റീരിയൽ അക്കൗണ്ട് തയ്യാറാക്കി AE സാക്ഷ്യപ്പെടുത്തിയിട്ടില്ല

5.മെറ്റീരിയൽ പർച്ചേസ് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 1 വർഷത്തേക്ക് ആവശ്യമായവ ഒന്നായി പരിഗണിച്ചല്ല ടെൻണ്ടർ നടത്തിയത്.അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം :6/21-22/22.2.23)മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-18 വാഹന വാടക നൽകൽ -ആദായ നികുതി ഈടാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

പ്രൊജക്ട് നം :213/22 പ്രകാരം 100000 രൂപ(വൗച്ചർ നം 22101155/24.3.22 ) തനത് ഫണ്ടിൽ നിന്ന് ഹരിത കർമ്മ സേനയുടെ വാഹന വാടകയിനത്തിൽ ശ്രീ.ജിഷ്ണു എൻ.കെ എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട് ആദായ നികുതി നിയമം 194-സി പ്രകാരംട്രാൻസ്പോർട്ട് കോൺട്രാക്ടിന് 75000 രൂപയിൽ അധികരിച്ചാൽ 1% ആദായ നികുതി (1000 രൂപ)ഈടാക്കേണ്ടതുണ്ട് ആയത് ഈടാക്കി അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം:12/21-22/23.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 പഞ്ചായത്ത് ബസ്സ് സ്റ്റാൻറ് -ജനോപകാരപ്രദമാക്കണം

പഞ്ചായത്തിന് 2014 ൽ സ്വാകര്യ വ്യക്തി പഞ്ചായത്തിന് രേഖാമൂലം ദാനാധാരം നടത്തിയ 56 സെൻ്റ് സ്ഥലത്ത് നിലവിൽ പഞ്ചായത്ത് ഉടമസ്ഥതയിൽ ബസ്റ്റാൻ്റ് കെട്ടിടം ,ടോയ് ലറ്റ് എന്നിവ മുൻ വർഷങ്ങളിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.
പ്രൊജക്ട് നം 83/22 പ്രകാരം 500000 രൂപ ബസ്റ്റ് സ്റ്റാൻ്റ് ടോയ്ലറ്റ് പുനരുദ്ധാരണത്തിന് തുക വകയിരുത്തിയിരുന്നു.
24.2.2023 ന് പഞ്ചായത്ത് സ്റ്റാഫ് ശ്രീ.പ്രേംജിത്ത് .പി.ബി (അക്കൗണ്ടൻ്റ് )യുടെ സാനിദ്ധ്യത്തിൽ പ്രദേശിക പരിശോധനയിൽ ബസ്റ്റ് സ്റ്റാൻ്റ്, ടോയ് ലറ്റ് എന്നിവ പൊതു ജനങ്ങൾക്ക് ഉപയോഗപ്രദമല്ലാത്ത രീതിയിലാണ് കണപ്പെട്ടത്.ബസ്റ്റ് സ്റ്റാൻ്റ് , ടോയ് ലറ്റ് സംവിധാനം എന്നിവ വാർഷികാടിസ്ഥാനത്തിൽ ലേലം ചെയ്ത് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി ക്ക് (നം:7/21-22/21.2.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-20 ആശ്രയ പദ്ധതി - പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല.

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി സ.ഉ (എംഎസ്) നം. 252/2017/തസ്വഭവ തി. 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. പോത്തുകൽ ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിക്കായി ചലഞ്ച് ഫണ്ടിൽ നിന്നും 22,79,730/- രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 91,50,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം വരെ അഗതി രഹിത കേരളം എന്ന പദ്ധതിക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നമ്പർ. 55/22 പ്രകാരം 1,00,000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി പ്രൊജക്ടിന് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല. ചലഞ്ച് ഫണ്ട് വിഹിതമായി അഗതിരഹിത കേരളം പദ്ധതിക്ക് 19.04.2021 ന് 6,81,971/- രൂപ ലഭ്യമായിട്ടുണ്ട്. ആയത് അഗതിരഹിതകേരളം പദ്ധതി അക്കൌണ്ട് നമ്പർ 40158101117255 കേരള ഗ്രാമീണ ബാങ്ക് നെട്ടിക്കുളം ബ്രാഞ്ചിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽ അക്കൗണ്ടിൽ നിലവിൽ 19,781/- രൂപ മാത്രമാണ് അവശേഷിക്കുന്നത്.

2019-20, 2020-21, 2021-22 വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, വിഹിതം പദ്ധതി നടത്തിപ്പിനായി പോത്തുകല്ല് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. കൂടാതെ 2019-20, 2020-21, 2021-22 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും വിഹിതം ലഭിച്ചിട്ടില്ല. 2019-20 വർഷത്തിൽ പദ്ധതി ആരംഭിക്കുമ്പോൾ ആകെ 167 ഗുണഭോക്താക്കളാണ് അഗതിരഹിത കേരളം പദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്നത്. നിലവിൽ 149 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. 2021-22 സാമ്പത്തിക വർഷത്തിൽ ഭക്ഷണകിറ്റ് വിതരണത്തിനായി 12,31,400/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി ഉപസമിതി രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. മിനട്ട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ വിലയിരുത്തൽ സമിതി ഒരു തവണ മാത്രമാണ് (09.12.2021) യോഗം ചേർന്നിട്ടുള്ളത്. സിഡിഎസ് തലത്തിൽ അഗതിരഹിതകേരളവുമായി ബന്ധപ്പെട്ട രേഖകൾ മാസത്തിലൊരിക്കൽ ജില്ലാ മിഷൻ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല. കൂടാതെ അയൽക്കൂട്ടങ്ങൾ അഗതി കുടുംബ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അഗതിരഹിത കേരളം പദ്ധതി കാലയളവിനുള്ളിൽ അപാകതകൾ പരിഹരിച്ച് ഗുണഭോക്താക്കൾക്ക് മുഴുവൻ സേവനവും ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(എൻക്വയറി നമ്പർ.16/25.02.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 വാഴകൃഷി പ്രോത്സാഹനം - വാഴ വിത്തിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 12/22 |
| അടങ്കൽ തുക | 8,12,870/- രൂപ |
| വിനിയോഗിച്ച തുക | 8,08,601/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ബിൽ നമ്പർ / തീയതി | 21151952036100862569 തീയതി.30.12.2021 – 4,54,461/- രൂപ.<br>21151952036101351346 തീയതി.17.03.2022 – 3,18,140/- രൂപ.<br>21151952036101178473 തീയതി.22.02.2022 – 36,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

വാഴകൃഷി പ്രോത്സാഹനം എന്ന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 8,08,601/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പ്ലാന്റ് ടിഷ്യു കൾച്ചർ ഡിവിഷന് (ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക്) താഴെ പറയുന്ന പ്രകാരം 2000 ടിഷ്യുകൾച്ചർ വാഴ വിത്തുകളുടെ വില നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | ഇനം | യൂണിറ്റിന്റെ വില | എണ്ണം. | ആകെ വില | ഇൻവോയിസ് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | നേന്ത്രൻ | 20 | 1000 | 20000 | 246/21.02.2022 തീയതി. 21.02.2022 |
| 2 | G9 | 16 | 1000 | 16000 | |
| ആകെ | | | 2000 | 36000 | |

എന്നാൽ ഇതിൽ 1825 വാഴ വിത്തുകൾ മാത്രമേ കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളൂ. വിതരണ ലിസ്റ്റിൽ വിതരണം ചെയ്ത വാഴവിത്തിന്റെ ഇനം രേഖപ്പെടുത്താത്തതിനാൽ ഏതിനം വാഴവിത്താണ് വിതരണം ചെയ്യാത്തത് എന്ന് വ്യക്തമല്ല. വിതരണം ചെയ്യാത്ത 175 വാഴവിത്തുകളുടെ വിതരണ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത എൻക്വയറി നമ്പർ.14/24.02.2023 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 ഹരിത കർമ്മ സേന -മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രീൻ കേരള കമ്പനിക്ക് തുക നൽകൽ - ആദായ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 146/22 |
| അടങ്കൽ തുക | 7,00,000/- രൂപ. |
| വിനിയോഗിച്ച തുക | 2,90,600/- രൂപ. |
| വൌച്ചർ നമ്പർ / തിയ്യതി | XVFC/2021-22/P/6 തിയ്യതി. 07.01.2022 – 1,35,489/- രൂപ.<br>XVFC/2021-22/P/6 തിയ്യതി. 07.01.2022 – 1,55,111/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

ഗ്രാമപഞ്ചായത്തിലെ മിനി എം.സി.എഫിൽ നിന്നും പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തതിന്റെ തുകയായി 2,90,600/- രൂപ ക്ലീൻ കേരള കമ്പനിക്ക് താഴെ പറയുന്ന പ്രകാരം അനുവദിച്ചിട്ടുണ്ട്.(PAN NO :AAFCC5214N)

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ / തീയതി | തുക |
|---|---|---|
| 1 | D22/SER 21-22/89 Dt: 16.07.2021 | 23,027/- |

| | | |
|---|---|---|
| 2 | D22/SER 21-22/89 Dt: 16.07.2021 | 64,082/- |
| 3 | D22/SER 21-22/230 Dt: 28.09.2021 | 48,380/- |
| 4 | D23/SER 21-22/11 Dt: 19.01.2022 | 61,655/- |
| 5 | D23/SER 21-22/26 Dt: 18.02.2022 | 21,299/- |
| 6 | D23/SER 21-22/80 Dt: 15.03.2022 | 72,157/- |

എന്നാൽ ഇപ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതമായ ആദായനികുതി (സെക്ഷൻ 194 -സി)ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.13/24.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വരുമാന നികുതി അടവാക്കി അറിയിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു

1. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 100 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 73 പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പദ്ധതി | 100 |
| നടപ്പിലാക്കിയത് | 73 |
| നടപ്പിലാക്കാത്തത് | 27 |
| ആകെ അടങ്കല് | 3,06,32,773 |
| ചെലവ് | 1,98,98,080 |
| ചെലവ് ശതമാനം | 65 % |

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ-തുക വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 91/22 |
| പേര് | : | ചുങ്കത്തറ സി.എച്ച്.സി-യിലെ ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി |
| അടങ്കൽ തുക (₹) | : | 396000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് (₹) | : | 396000/- |
| ബിൽ നമ്പർ / | : | 10/2021-22 തീയതി. 10.07.2021 |

| | | |
|---|---|---|
| തീയതി | | |

ചുങ്കത്തറ സി.എച്ച്.സി-യിലെ ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 3,96,000/- രൂപ ചുങ്കത്തറ സി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.15/21-22/25.02.23- മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-25 ഡപ്പോസിറ്റ് വർക്ക് -വിനിയോഗ വിവരം ലഭ്യമാക്കണം

താഴെപ്പറയുന്ന ഡപ്പോസിറ്റ് പ്രവർത്തിയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 232/22- തമ്പുരാട്ടിക്കല്ല് കുടിവെള്ള പദ്ധതി | 22101217 /31.3.2022 | 131909 | 131909 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2021-22 | 16.02.2023 മുതൽ 25.02.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (34/22) | 250000 | 0 |
| | 3000000 | 237/22 ലൈഫ് -സ്ഥലം വാങ്ങൽ | 3000000 | 0 |
| | 1240000 | 46/22 ലൈഫ് -സ്ഥലം വാങ്ങൽ (എസ്.സി) | 1240000 | 0 |
| | 2507368 | 047/22 ലൈഫ് മിഷൻ (എസ്.റ്റി) | 2507368 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (34/22) | 250000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 232/22- തമ്പുരാട്ടിക്കല്ല് കുടിവെള്ള പദ്ധതി | 22101217 /31.3.2022 | 131909 | 131909 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ (HUDCO) | ജി.ഒ. (എം.എസ്)നം. 227/LSGD തിയതി 18.08.18 | 30140000 | 26876631 | 3182667 | 0 | 23693964 |
| KURDFC ലോൺ | ലഭ്യമല്ല. | 220000 | 0 | 0 | 0 | 220000 |

. വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയത് പരിശോധിച്ചിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | -- | വസ്തു നികുതി | നിലനിൽക്കുന്നു. |
| 2014-15 | 2-4 | 2016-17 | -- | തൊഴിൽ നികുതി | നിലനിൽക്കുന്നു. |
| 2015-16 | 2-4 | 2016-17 | -- | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 132634438.75 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97490759.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 956909 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|
| 1- 15 | 956909 | 825000 – ശ്രീ.തോമസ്.കെ.എം, സെക്രട്ടറി |
| | | 131909- ശ്രീ.രാജേന്ദ്രൻ പി.കെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.എം.പി.എം.6/1149/2018 തി.23.05.2018 | 12 | |
| 2002-03 | കെ.എസ്.എ.എം.പി.എം.6/1149/2018 തി.23.05.2018 | 6 | |
| 2003-04 | എൽ.എഫ്.എം.5/2052/09 തി.28.02.2006 | 13 | |
| 2004-05 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 29 | |
| 2005-06 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 28 | |
| 2006-07 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 15 | |
| 2007-08 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 10 | |
| 2008-09 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 7 | |
| 2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.6/1516/2020 തി.09.11.2020 | 15 | |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.6/1255/2015 തി.02.11.2015 | 23 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/209/2019 തി: 24.04.2019 | 14 | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം.6/397/2021 തി: 25.02.2021 | 17 | |
| 2016-17 | കെ.എസ്.എ.എം.പി.എം.6/2169/2017 തി: 09.07.2018 | 19 | |
| 2017-18 | കെ.എസ്.എ.എം.പി.എം.6/2979/2019 തി: 04.06.2019 | 12 | |
| 2018-19 | കെ.എസ്.എ.എം.പി.എം.6/537/2020 തി: 30.10.2021 | 8 | |
| 2019-20 | കെ.എസ്.എ.എം.പി.എം.6/686/2022 തി: 30.12.2022 | 18 | |
| 2020-21 | കെ.എസ്.എ.എം.പി.എം.6/687/2022 തി: 30.05.2022 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്ക് സംക്ഷിപതം

(1)

| | | | |
|---|---|---|---|
| | Pothukal Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25687178.75 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1536160.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2000.00 |
| 140000000 | Fees & User Charges | RP-4 | 477777.00 |
| 150000000 | Sale & Hire Charges | RP-5 | 354865.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 65850363.00 |
| 171000000 | Interest Earned | RP-9 | 251735.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 23440640.00 |
| 350000000 | Other Liabilities | RP-36 | 327692.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 330000000 | Secured Loans | RP-32 | 220000.00 |
| 340000000 | Deposits Received | RP-34 | 17440.00 |
| 350000000 | Other Liabilities | RP-36 | 258237.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14210351.00 |
| | Grand total | | 132634438.75 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3592759.00 |
| 220000000 | Administrative Expenses | RP-12 | 813376.00 |
| 230000000 | Operations & Maintenance | RP-13 | 622454.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8757740.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 35183827.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5054428.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 6079859.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 300000.00 |

| | | | |
|---|---|---|---|
| | Schemes | | |

(2)

| | | | |
|---|---|---|---|
| | Pothukal Grama Panchayat<br><br>BALANCE SHEET | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 15274188.10 |
| 312000000 | Reserves | B-3 | 47059309.00 |
| | Total Reserve & Surplus | | 62333497.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 22334999.00 |
| | Total Grants, Contributions for Specific Purposes | | 22334999.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 23913964.00 |
| | Total Loans | | 23913964.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 508115.00 |
| 350000000 | Other Liabilities | B-9 | 1919303.65 |
| | Total Current Liabilities and Provisions | | 2427418.65 |
| | TOTAL LIABILITIES | | 111009878.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 126872073.00 |
| 411000000 | Accumulated Depreciation | B-11 | -86057885.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 40814188.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4654319.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 26008986.00 |
| 450000000 | Cash and Bank Balance | B-17 | 35143679.75 |
| 460000000 | Loans, Advances and Deposits | B-18 | 4388706.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 70195690.75 |

(3)

| | | | |
|---|---|---|---|
| | Pothukal Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5128919.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2000.00 |
| 140000000 | Fee & User Charges | I-4(b) | 579878.00 |
| 150000000 | Sale & Hire Charges | I-5(b) | 354865.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 222889961.00 |
| 171000000 | Interest Earned | I-8 | 251735.00 |
| 180000000 | Other Income | I-9 | 39495.00 |
| | Total Income | | 229246853.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14595696.00 |
| 220000000 | Administrative Expenses | I-11(b) | 1039329.00 |
| 230000000 | Operations & Maintenance | I-12(b) | 622454.00 |
| 240000000 | Interest & Finance Charges | I-13 | 1023.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 13509938.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 107108135.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5146380.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 6079859.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 63613000.00 |
| 255000000 | Maintenance Projects | I-14(e) | 7456907.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1313160.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 72500.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 8362164.00 |
| | Total Expenditure | | 228920545.00 |
| | Gross Surplus / Deficit of income over Expenditure | | 326308.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -829120.00 |
| | Net difference (Prior period Income - Prior period Expenditure) | | 1155428.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

DEPUTY DIRECTOR
MALAPURAM